LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഗ്രാമപഞ്ചായത്തിൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരം നടപ്പിലാക്കിയ കുടിവെള്ള പദ്ധതിവഴി ജലവിതരണം നടത്തിവരുന്നു. ഈ പദ്ധതിക്ക് ആവശ്യമായ ജലം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ (പട്ടുവം) നിന്നുമാണ് ലഭ്യമാക്കുന്നത്. ഈ പദ്ധതി കൂടാതെ താഴെ പറയുന്ന 4 ഗ്രാമീണ കുടിവെള്ള പദ്ധതികൾകൂടി നടപ്പിലാക്കി വരുന്നു:

1. വെങ്ങര മൂലക്കടവ് ഗ്രാമീണ കുടിവെള്ള പദ്ധതി.

2. മാടായിപ്പാറ ഗ്രാമീണ കുടിവെള്ള പദ്ധതി.

3. മാടായി എഫ്.എം.സി. ഗ്രാമീണ ശുദ്ധജലപദ്ധതി.

4. കടപ്പുറം ചാൽ ചൂട്ടാട്ട് ഗ്രാമീണ കുടിവെള്ള പദ്ധതി.

മേൽപ്പറഞ്ഞ നാല് പദ്ധതികളിലൂടെ ആകെ 161 പൊതു ടാപ്പുകൾ വഴിയും 468 ഗാർഹിക കണക്ഷൻ വഴിയും ജലവിതരണം നടത്തിവരുന്നു.

മേൽപ്പറഞ്ഞ പദ്ധതികൾവഴി മാടായി ഗ്രാമപഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ജലവിതരണം നടത്തുന്നതിന് 510 ലക്ഷം രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു. പദ്ധതിക്കാവശ്യമായ ടാങ്ക് പണിയുന്നതിനുവേണ്ടിയുള്ള 5 സെന്റ് സ്ഥലം മാടായി ഗവൺമെന്റ് ഐ.ടി.ഐ. യുടെ അധീനതയിൽനിന്നും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനനുസൃതമായി മാത്രമേ ഫണ്ട് അനുവദിക്കുന്നത്, അംഗീകാരം നൽകുന്നത് തുടങ്ങിയ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

ശുദ്ധജല വിതരണ പദ്ധതി

148 (2357) ശ്രീ. എസ്. ശർമ്മ :

ശ്രീ. സാജു പോൾ :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളത്ത് ജപ്പാൻ അന്താരാഷ്ട്ര സഹകരണ ഏജൻസിയുടെ സഹായത്തോടെ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച ആയിരം കോടി രൂപയുടെ ശുദ്ധജല വിതരണ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിച്ചിരുന്നത് ; സർക്കാർ ഈ പദ്ധതിക്കായി എത്ര രൂക ചെലവഴിച്ചെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ വിശദമായ രൂപരേഖ അറിയിക്കാമോ ; പ്രസ്തുത പദ്ധതിക്ക് പുറമെയാണോ ഈ വർഷത്തെ നയപ്രഖ്യാപനത്തിലൂടെ അറിയിച്ച പ്രതിദിനം 10 കോടി ലിറ്റർ ശേഷിയുള്ള കൊച്ചിയിലെ ജലവിതരണ പദ്ധതിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 940.90 കോടി രൂപയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ആയതിന്റെ പ്രസക്തഭാഗം (സമ്മറി ഓഫ് പ്രൊപ്പോസൽ) സംസ്ഥാന പ്ലാനിംഗ് വകുപ്പ് മുഖേന കേന്ദ്ര സർക്കാരിലേക്ക് അയച്ചുകൊടുക്കുകയും കേന്ദ്രസർക്കാർ നിർദ്ദേശിച്ചതനുസരിച്ച് പുതിയ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ 18-6-2015-ൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

(സി) നിലവിൽ പൂർത്തീകരണഘട്ടത്തിലുള്ള പ്രതിദിനം 10 കോടി ലിറ്റർ ശേഷിയുള്ള കൊച്ചിയിലെ ജൻറം ജലവിതരണ പദ്ധതി ഈ വർഷം പൂർത്തിയാക്കുന്നതാണ്.

ജലരക്ഷാ പദ്ധതി

149 (2358) ശ്രീ.അൻവർ സാദത്ത് :
ശ്രീ. പാലോട് രവി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കായി ജലരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly